(ഇ) പണയ രേഖകൾ മടക്കി നൽകുന്നതിനായി ബഹു. സഹകരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഫെഡറേഷൻ പ്രതിനിധികൾ, സംഘം പ്രതിനിധികൾ എന്നിവർയോഗം ചേരുകയും ടി യോഗതീരുമാനപ്രകാരം ഫെഡറേഷനും സംഘങ്ങളും തമ്മിലുള്ള ഓഹരി അനുപാതം 1:40 ആയി പുനഃനിർണ്ണയം ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ അധികം വരുന്ന തുക സംഘങ്ങൾക്ക് തിരികെ നൽകി സംഘങ്ങളുടെ അപേക്ഷയിന്മേൽ പ്രമാണങ്ങൾ തിരികെ നൽകുവാനുള്ള വായ്പയിൽ പിഴപ്പലിശ ഒഴിവാക്കി വരവുവച്ച് പ്രമാണങ്ങൾ തിരികെ നൽകുന്നതിന് ഫെഡറേഷന് സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൽപ്പറ്റ ഹൗസിംഗ് സംഘത്തിന്റെ ഒരാധാരം ഫെഡറേഷൻ ഇതിനകം മടക്കി നൽയിട്ടുണ്ട്. കൂടാതെ സ്ഥലവും അതിലുള്ള ഓഫീസ് കെട്ടിടവും സ്വന്തമായിട്ടുള്ള പ്രാഥമിക ഹൗസിംഗ് സംഘങ്ങൾക്ക് ആയവ ഈടായി സ്വീകരിച്ച് അവയുടെ വില നിർണ്ണയ തുകയുടെ 50%-ൽ അധികാരിക്കാത്ത തുക ഹൈപ്പോത്തിക്കേഷൻ വായ്പയായി 5 വർഷക്കാലാവധിക്ക് 11% പലിശ നിരക്കിൽ നൽകി സംഘങ്ങളുടെ അപേക്ഷയിന്മേൽ പ്രമാണങ്ങൾ തിരികെ നൽകാനുള്ള വായ്പകളിൽ വരവുവച്ച് പ്രമാണങ്ങൾ തിരികെ നൽകുന്നതിനും സഹകരണസംഘം രജിസ്ട്രാർ ഫെഡറേഷന് അനുവാദം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം കൽപ്പറ്റ ഹൗസിംഗ് സംഘത്തിന്റെ 5 സെന്റ് വസ്തു ഈടായി സ്വീകരിച്ച് പ്രമാണങ്ങൾ മടക്കി നൽകുന്നതിനുള്ള നടപടി ഹൗസിംഗ് ഫെഡറേഷൻ സ്വീകരിച്ചുവരുന്നു.

**സഹകരണ ബാങ്കുകളിലെ നിയമവിരുദ്ധ നിയമനം**

5(2257) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടത് എന്നു മുതലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) നിയമനം പി.എസ്.സി.-ക്ക് വിട്ടശേഷവും പല ബാങ്കുകളിലും അത് അവഗണിച്ച് നിയമവിരുദ്ധ നിയമനം നടന്നതായി അറിയുമോ ;

(സി) ഇതെക്കുറിച്ച് വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശം നൽകിയിരുന്നോ ;

(ഡി) അതുപ്രകാരമുള്ള അന്വേഷണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) നിയമ വിരുദ്ധ നിയമനം നേടിയവരെ പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 25-4-1995 മുതലാണ് സഹകരണ ബാങ്കുകളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിയമനം പി.എസ്.സി.-ക്ക് വിട്ടശേഷവും ചില ബാങ്കുകളിൽ നിയമവിരുദ്ധ നിയമനം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സഹകരണ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിജിലൻസ് അന്വേഷണം നടത്തിയതിൽ അഞ്ച് ജില്ലാ സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഒരു ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും അന്വേഷണ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

## സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്ക് പ്രത്യേക ആനുകൂല്യം

***(2288)** <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്ക് പ്രത്യേക ആനുകൂല്യമെന്തെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതിനായി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ;

(സി) പ്രകൃതി ദുരന്തങ്ങളിൽ വീട് നഷ്ടപ്പെടുകയോ കാർഷിക വിളകൾക്ക് നാശനഷ്ടമുണ്ടാവുകയോ ചെയ്ത വായ്പക്കാർക്ക് എന്തെങ്കിലും ഇളവുകൾ നല്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

1. 2 ഏക്കർ വരെ കൃഷിഭൂമിയുള്ള കർഷകർ എടുക്കുന്ന 25,000 രൂപ വരെയുള്ള കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ മുതൽ തുകയുടെ 5 ശതമാനം പ്രോത്സാഹനമായി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

2. കൃത്യമായി വായ്പ അടയ്ക്കുന്ന വായ്പക്കാർക്ക് അവർ അടയ്ക്കുന്ന പലിശയിൽ 5 ശതമാനം ഇളവ് നൽകുന്ന പദ്ധതി 2009-10 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

3. ഹ്രസ്വകാല കാർഷികവിള വായ്പകൾ 7 ശതമാനം പലിശ നിരക്കിലാണ് വിതരണം ചെയ്യുന്നത്. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2 ശതമാനം പലിശയിളവ്

LIBRARY ARCHIVES Kerala Legislative Assembly